15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3741 | 02-03-2023 - ൽ മറുപടിയ്ക്ക്

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പ് ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പ്രകാരം തയ്യാറാക്കിയ കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിൽ ദേവികുളം നിയോജക മണ്ഡലത്തിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ടും ഉൾപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന തുകയിൽ പരമാവധി 50 ലക്ഷം രൂപ കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ദേവികുളം നിയോജക മണ്ഡലത്തിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായുള്ള എം.എൽ.എ ഫണ്ട് അനുവദിച്ചു കൊണ്ട് എം.എൽ.എ യുടെ കത്തോ, കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**കേരളത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ എസ്.സി.ഇ.ആർ.റ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത 30 സ്കൂളുകളിൽ ദേവികുളം നിയോജകമണ്ഡലത്തിലെ ഗവ.എൽ.പി.എസ് ഉൾപ്പെടുത്തിയിട്ടുണ്ട്.** |
| (ബി) | മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ നവീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | **2022-23 സാമ്പത്തിക വർഷത്തെ ബജറ്റിന്റെ അടിസ്ഥാനത്തിൽ ഇടുക്കി വികസന പാക്കേജിൽ** |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | **ഉൾപ്പെടുത്തിക്കൊണ്ട് അനുവദിച്ചിട്ടുള്ള 19 പദ്ധതികളിൽ മൂന്നാർ ഹൈ ആൾട്ടിട്യൂഡ് പരിശീലന കേന്ദ്രത്തിൽ സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ് എന്നിവയുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ